## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6602 — 21.11.2019-ൽ മറുപടിയ്ക്ക്

### ഭാഗാധാരവും പോക്കുവരവും റദ്ദാക്കുന്നതു സംബന്ധിച്ച ഹർജി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വേണ്ടത്ര സാക്ഷികളില്ലാതെ തയ്യാറാക്കിയ ഭാഗാധാരവും പോക്കുവരവും റദ്ദാക്കണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ പാങ്ങപ്പാറ വില്ലേജിൽ കാര്യവട്ടം എള്ളുവിള പുത്തൻവീട്ടിൽ ഓമനയമ്മ തിരുവനന്തപുരം ജില്ലാകളക്ടർക്ക് നൽകിയ പെറ്റീഷൻ നമ്പർ 220164/2019 ൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലാ കളക്ടർ മുമ്പാകെ കാര്യവട്ടം എള്ളുവിള പുത്തൻവീട്ടിൽ ശ്രീമതി. ഓമനയമ്മ സമർപ്പിച്ച അപേക്ഷ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം കക്ഷിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടുകൂടി 04/10/2019-ൽ 220164/2019/എൻ.ഡിസ്. ആയി തിരുവനന്തപുരം ജില്ലാ കളക്ടർ തിരുവനന്തപുരം ഭൂരേഖ തഹസിൽദാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) | ഈ പെറ്റീഷൻ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ഇതിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ? | (ബി) | ടി പരാതി സംബന്ധിച്ച് തിരുവനന്തപുരം ഭൂരേഖ തഹസിൽദാരുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് 11/11/2019-ന് പാങ്ങപ്പാറ വില്ലേജാഫീസർക്ക് തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ നിർദേശം നൽകിയിട്ടുള്ളതും, ടി റിപ്പോർട്ട് ലഭ്യമാക്കി തിരുവനന്തപുരം ഭൂരേഖ തഹസിൽദാർ തുടർ നടപടി സ്വീകരിച്ച് വിവരം കക്ഷിയെ അറിയിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ